കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) 48 ദിവസത്തേക്ക് അവധിയെടുത്തപ്പോൾ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)ന്റെ അധികച്ചുമതല കോഴിക്കോട് ജില്ലാ വനിതാ ക്ഷേമ ഓഫീസർക്ക് നല്കിയ കോഴിക്കോട് കളക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3428/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി, 16.12.2016.**

---

പരാമർശം:- 1) 10.06.2016-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ ആർ.ഡി.2-1157/2016 നമ്പർ നടപടിക്രമം.
2) ഗ്രാമവികസന കമ്മീഷണറുടെ 20.10.2016-ലെ 9678/എസ്റ്റാ.എ1/2015/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീമതി.പ്രീതി മേനോന്, 13.3.16 മുതൽ 31.7.16 വരെ 48 ദിവസത്തേക്ക് അനുവദിച്ചപ്പോൾ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)ന്റെ അധികച്ചുമതല കോഴിക്കോട് ജില്ലാ വനിതാ ക്ഷേമ ഓഫീസർ ശ്രീമതി.വി.കെ. ശ്രീലതയ്ക്ക്, പരാമർശം (1) പ്രകാരം, നല്കിയ കോഴിക്കോട് കളക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)-ന് 48 ദിവസത്തേക്ക് അവധി അനുവദിച്ചപ്പോൾ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)ന്റെ അധികച്ചുമതല കോഴിക്കോട് ജില്ലാ വനിതാ ക്ഷേമ ഓഫീസർക്ക് നല്കിയ കോഴിക്കോട് കളക്ടറുടെ പരാമർശം (1)-ലെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി.വി.കെ.ശ്രീലത, ജില്ലാ വനിതാ ക്ഷേമ ഓഫീസർ, കോഴിക്കോട്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, കോഴിക്കോട്
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ